കുറിച്ച് വിശദീകരണം നഴ്സിംഗ് സൂപ്രണ്ടിനോടും ഹെഡ് നഴ്സിനോടും ആവശ്യപ്പെട്ടിരിക്കുകയാണ്. എന്തായാലും സംഭവത്തിലെ പ്രതിയെ പോലീസ് കസ്റ്റഡിയിലെടുത്തുകഴിഞ്ഞു. സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഈ സംഭവത്തിൽ ഉത്തരവാദികളായ ആശുപത്രി ജീവനക്കാരുടെമേൽ അന്വേഷണം നടത്തി തക്കതായ ശിക്ഷ, കർക്കശമായ നടപടി അവരുടെമേൽ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം നിർഭാഗ്യകരമായ സംഭവങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയുമായി യാതൊരു ബന്ധവുമില്ലാത്ത ഒരാളെ ആശുപത്രി ജീവനക്കാർ തന്നെ വിളിച്ച് അവരെ സഹായിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ചും അന്വേഷിക്കുന്നുണ്ട്. ഈ കുറ്റകൃത്യം ഒരു ക്രിമിനൽ കുറ്റമായിട്ട് തന്നെ കാണുകയും ഇത്തരം മനുഷ്യത്വരഹിതമായ പെരുമാററത്തിനെതിരെ കർശനമായ നടപടി എടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: യേസ്, ശ്രീ. ഡി. സുഗതൻ.

## (2) തൊഴിൽരഹിതരായ കള്ള്-ചാരായഷാപ്പ് തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ നടപടി

ശ്രീ. ഡി സുഗതൻ: സർ, നമ്മുടെ സംസ്ഥാനത്ത് മദ്യനിരോധനം പ്രാബല്യത്തിലാക്കിയിരിക്കുകയാണ്. മദ്യനിരോധനപ്രവർത്തകരും സാംസ്കാരിക നായകൻമാരും മാദ്ധ്യമങ്ങളുമൊക്കെ വളരെ വാഴ്ത്തിയ പരിപാടിയാണ് അത്. എന്നാൽ അതുമൂലം ഏതാണ്ട് 12,000-ത്തോളം തൊഴിലാളികളാണ് തൊഴിൽ രഹിതരായത്. കുറെ ജീവിതങ്ങൾ ഇതിനോടകം ഞെരിഞ്ഞമർന്നുപോയി. തൊഴിൽരഹിതരായ 72 ലക്ഷം ആളുകൾ ഇതിനകം ആത്മഹത്യ ചെയ്യേണ്ട സ്ഥിതിയിലെത്തി നിൽക്കുകയാണ്. അവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഗവൺമെൻറിൻെറ ഭാഗത്തുനിന്നും അതിനുള്ള വാഗ്ദാനങ്ങളുണ്ടായതാണ്. പക്ഷെ അതിനുവേണ്ട നടപടികളൊന്നും തന്നെ ഉണ്ടായിട്ടില്ല. മദ്യനിരോധനം ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിൻെറ ഭാഗമായിട്ട് 1900ത്തിൽ ചിലപ്പോനം കള്ളുഷാപ്പുകൾ പൂട്ടുകയുണ്ടായി. ഇതുമൂലം 11,000 ചെത്തുതൊഴിലാളികൾ തൊഴിൽ രഹിതരായി. ഗവൺമെൻറ് സ്ഥാപനമാണെങ്കിൽ സ്ഥാപനം പൂട്ടിയാൽ അവിടത്തെ തൊഴിലാളികൾക്ക് ക്ലോഷർ ബെനിഫിററ്സ് കൊടുക്കും. പക്ഷേ ഈ കള്ളുഷാപ്പുകൾ പൂട്ടിയതിൽ ഗവൺമെൻറിൻെറ അസിസ്ററൻസ്—ഒരാളിന് പകുതി അലവൻസ് കൊടുക്കാനാണ് അങ്ങ് തീരുമാനിച്ചിട്ടുള്ളത്. സബ്സിസ്ററൻസ് അലവൻസ് ആക്ട് അങ്ങാണ് കൊണ്ടുവന്നിട്ടുള്ളത്. ക്ലോഷർ ബെനിഫിററ്സിന് ഈ തൊഴിലാളികൾക്ക് അർഹതയുണ്ട്. ഗവൺമെൻറാണ് ഈ ഷോപ്പുകൾ ക്ലോസ് ചെയ്തത്. അത് അനീതിയാണ്. അതുകൊണ്ട് അതിനാവശ്യമായ നഷ്ടപരിഹാരം ഉണ്ടാകണം. ഷോപ്പുകളുടെ കാര്യത്തിലാണെങ്കിൽ ദൂരപരിധി ഏർപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഇതിനൊരു പരിഹാരം ഉണ്ടാക്കി തൊഴിലാളികൾക്ക് തൊഴിൽ നൽകാനും ചെത്തുതൊഴിലാളികൾക്കും ചാരായ തൊഴിലാളികൾക്കും തൊഴിൽ നൽകാനും വേണ്ട നടപടികൾ ഗവൺമെൻറ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ചാരായ നിരോധനത്തെത്തുടർന്ന് ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 12,000 തൊഴിലാളികൾ ഇപ്പോൾ തൊഴിൽ രഹിതരായിട്ടുണ്ട്. നിർത്തലാക്കിയ

2/274—18

LIBRARY ARCHIVES Kerala Legislative Assembly

കള്ളുഷാപ്പുകളിലെ 11,000 തൊഴിലാളികളും തൊഴിലില്ലാത്തവരായി മാറി. ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് വെൽഫെയർ ഫണ്ടിൽനിന്നും സർക്കാർ ഖജനാവിൽനിന്നും അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇപ്പോൾ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്ട്രേഷനിലുള്ള 1053 അബ്കാരി തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. പുതുതായിട്ട് ഈ ഷാപ്പുകൾ വരുമ്പോൾ ഇവർക്ക് കൺസഷൻ കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അവരെ പരിഗണിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. തീർച്ചയായിട്ടും അവരുടെ കാര്യം പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ: യേസ്, ശ്രീ. കെ. രാധാകൃഷ്ണൻ.

(3) കാട്ടുമൃഗങ്ങൾ കാർഷിക വിളകൾ നശിപ്പിക്കുന്നത് തടയാനും കർഷകർക്ക് നഷ്ടപരിഹാരം നൽകാനും നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കാർഷിക മേഖലയും കർഷകരും പല രീതിയിലുള്ള പ്രയാസങ്ങളും ദുരിതങ്ങളും നേരിടുകയാണ്. അതിൽ ഏറ്റവും പ്രധാനം വിലത്തകർച്ചയാണ്. അതോടൊപ്പംതന്നെ പ്രകൃതി ദുരന്തങ്ങളും ഉണ്ടാകുന്നുണ്ട്. ഇതിനുപുറമെ വന്യജീവികളുടെ ആക്രമണം കൊണ്ട് വമ്പിച്ച രീതിയിൽ കൃഷി നശിക്കുന്നുണ്ട്. കാട്ടാനകളിറങ്ങി ഒരുപാട് പ്രദേശങ്ങളിൽ കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ പന്നി, കുരങ്ങ്, കാട്ടുപോത്ത് തുടങ്ങിയ എല്ലാ കാട്ടു മൃഗങ്ങളും ഇറങ്ങി കൃഷി വമ്പിച്ച രീതിയിൽ നശിപ്പിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പല കർഷകരും കൃഷി നശിച്ചതുകൊണ്ട് ആത്മഹത്യയുടെ വക്കിലാണ് കഴിയുന്നത്. വാഴക്കൃഷി, നെല്ല് തുടങ്ങി മുഴുവൻ കൃഷിയും നഷ്ടപ്പെട്ടുപോയിരിക്കുകയാണ്. മൃഗങ്ങളുടെ ആക്രമണം കൊണ്ട് കൃഷിനാശം സംഭവിച്ചാൽ അവർക്ക് യാതൊരുവിധ നഷ്ടപരിഹാരവും ലഭിക്കുന്നില്ല. പ്രകൃതി ദുരിതംമൂലം കൃഷി നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം കിട്ടുന്നുണ്ട്. ആന ഇറങ്ങി കൃഷി നശിപ്പിച്ചാൽ മാത്രമാണ് നഷ്ടപരിഹാരം കൊടുക്കാൻ കേന്ദ്രഗവൺമെന്റ് പറയുന്നത്. മറ്റ് വന്യജീവികളുടെ ആക്രമണത്താൽ കൃഷി നശിച്ച് കഴിഞ്ഞാൽ നഷ്ടപരിഹാരമൊന്നും ഇപ്പോൾ കിട്ടാതെ വരുന്നതുകൊണ്ട് കർഷകർ വളരെ പ്രയാസത്തിലാണ്, അവർ വളരെ കടുത്ത പ്രയാസം അനുഭവിക്കേണ്ടിവരുന്നു. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും അതുപോലെ ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത് കാടുകൾ കമ്പിവേലി കെട്ടി സംരക്ഷിക്കാനും ട്രഞ്ചുകൾ കുഴിച്ച് വന്യ മൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നും കർഷകരേയും കൃഷിയേയും രക്ഷിക്കാനും കൃഷിനാശം സംഭവിച്ചിട്ടുള്ള കർഷകർക്ക് നഷ്ടപരിഹാരം നൽകാനും വേണ്ട നടപടി സ്വീകരിക്കണമെന്നാണ്.

മി. സ്പീക്കർ: യേസ്, ഫോറസ്റ്റ് മിനിസ്റ്റർ.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ, വനപ്രദേശത്തെ ഒരു നിത്യസംഭവമാണ് ബഹുമാനപ്പെട്ട അംഗം ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളത്. ഫോറസ്റ്റ് വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ചെയ്യാവുന്ന കാര്യം പരമാവധി ലഭ്യമായ സാമ്പത്തിക സാദ്ധ്യതകൾ ഉപയോഗിച്ചുകൊണ്ട് ചെയ്യും. ഇപ്പോൾ ഫെൻസിംഗ് അതുപോലെ ട്രഞ്ചിംഗ് ഈ രണ്ട് മെത്തേഡാണ്

LIBRARY ARCHIVES Kerala Legislative Assembly